**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. ജ്യോതിസ് എസ്., അസി.എഞ്ചിനീയറുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം. 2392/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.09.2018

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.07.2018 ലെ ഇ 3-6347/2018/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.07.2018 ലെ ഇ 3-6347/2018/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന 20.09.2013 പൂർവ്വാഹ്നത്തിൽ അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീ. ജ്യോതിസ് എസ്., അസി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ നിർബന്ധമായും പാസ്സാകേണ്ട വകുപ്പുതല പരീക്ഷ പാസ്സായിരുന്നില്ല. ടിയാൻ നിശ്ചിത യോഗ്യത ആർജിച്ച വകുപ്പുതല പരീക്ഷയുടെ അവസാന തീയതി 23.08.2017 ആണ്. ആയതിനാൽ, 24.08.2017 പൂർവ്വാഹ്നത്തിൽ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് 25.08.2017 അപരാഹ്നം വരെ ദീർഘിപ്പിച്ച് നൽകേണ്ടതായിട്ടുണ്ട്. പ്രൊബേഷൻ കാലയളവിൽ ടിയാൻ അവധികൾ ഒന്നും തന്നെ വിനിയോഗിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (1) പ്രകാരം 19.09.2016 അപരാഹ്നം വരെ ദീർഘിപ്പിക്കുകയും തുടർന്ന്, ടിയാന്റെ പ്രൊബേഷൻ കാലയളവ് 25.08.2017 അപരാഹ്നം വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് മറ്റ് തരത്തിൽ അർഹനാണ് എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. ജ്യോതിസ് എസ്.-ന്റെ അസി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് 20.09.2016 പൂർവ്വാഹ്നം മുതൽ 25.08.2017 അപരാഹ്നം വരെ 1958 ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത് വി.പി.**

അണ്ടർ സെക്രട്ടറി

1 ശ്രീ. ജ്യോതിസ് എസ്., അസി.എഞ്ചിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

2 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ

4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

5. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

٢